**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3180** **04-08-2021 - ൽ മറുപടിയ്ക്ക്**

**ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഉൾപ്പടെ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ കാലഹരണപ്പെട്ട ലബോറട്ടറി ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ കൃത്യതയില്ലാത്തതും രോഗനിർണ്ണയത്തെ പ്രതികൂലമായി ബാധിക്കുന്നതുമായ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ; | (ബി) | ലബോറട്ടറി ഉപകരണങ്ങൾ എല്ലാം തന്നെ 6 മാസം കൂടുമ്പോൾ കാലിബ്രേറ്റ് ചെയ്യുകയും internal, external ക്യൂസി നടത്തി വരുകയും ചെയ്യുന്നു. കൂടാതെ എല്ലാ ഉപകരണങ്ങളും എ.എം.സി യിൽ ഉൾപ്പെടുത്തി റിപ്പയർ ചെയ്യേണ്ടവ യഥാസമയം റിപ്പയർ ചെയ്യുകയും റിപ്പയർ ചെയ്യുവാൻ സാധിക്കാത്തവ എ.എം.സി എടുത്തിട്ടുള്ള സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റുകളോടുകൂടി കണ്ടംനേഷൻ ചെയ്യുകയും ചെയ്തു വരുന്നു. കൃത്യതയില്ലാത്ത ഒരു ഉപകരണവും ഉപയോഗിക്കാറില്ല. |
| (സി) | മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലെയും ലാബുകളുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും രോഗികൾക്ക് സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള ആരോഗ്യസ്ഥാപനങ്ങളിലെ ലാബുകളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രവർത്തനക്ഷമതയും ഗുണനിലവാരവും നിരന്തരമായി ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥിതി നിലവിലുണ്ട്. കെ.എം.എസ്.സി.എൽ മുഖേനയുള്ള ഉപകരണങ്ങളാണ് ടി സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ലാബുകളുടേയും പബ്ലിക് ഹെൽത്ത് ലാബുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലാബ് സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ ആർദ്രം, എൻ.എച്ച്.എം, പഞ്ചായത്ത്, എച്ച്.എം.സി എന്നിവയുടെ സഹായത്തോടുകൂടി പുതിയ ലാബുകൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിലെയും പബ്ലിക് ഹെൽത്ത് ലാബുകളിലെയും പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്താകെ 677 ലാബ്ടെക്നീഷ്യന്റെയും 8 ജൂനിയർ ലാബ് ടെക്നീഷ്യന്റെയും, 2 ചീഫ് ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ